(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ നിലവിലുള്ള ശമ്പള സ്കെയിലിന്റെ നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

	തസ്തിക	നിരക്ക്
1.	ലക്ചറർ	രൂപ. 2200-75-2800 -100-4000
2.	അസിസ്റ്റന്റ് പ്രൊഫസർ	രൂപ 3000-100-3500-125-5000
3.	അസോസിയേറ്റ് പ്രൊഫസർ	രൂപ 3700-125-4950-150-5700
4.	പ്രൊഫസർ	രൂപ 4500-150-5700-200-7300
5.	പ്രിൻസിപ്പൽ	രൂപ 4800-150-5700-200-7300
6.	ജോയിന്റ് ഡയറക്ടർ ഒഫ് മെഡിക്കൽ എഡ്യൂക്കേഷൻ	രൂപ 4800-150-5700-200-7300
7.	ഡി. എം. ഇ.	രൂപ 5100-150-5700-200-7300

(എഫ് & ജി) 1996-ൽ എ.ഐ.സി.സി.ഇ. സ്കെയിൽ ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 1-1-1996 മുതൽ എ.ഐ.സി.റ്റിഇ. സ്കെയിൽ നടപ്പിലാക്കാമെന്നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്.

മൈനർ പോർട്ടുകളുടെ വികസനം സ്വാകര്യ ഏജൻസികൾക്ക് നൽകിയ നടപടി

29(*618) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ബിൽഡ്', ഓപ്പറേറ്റർ ആന്റ് ട്രാൻസ്ഫർ, തത്വമനുസരിച്ച് സംസ്ഥാനത്തുള്ള എത്തെല്ലാം മൈനർ പോർട്ടുകളുടെ വികസനം സ്വകാര്യ ഏജൻസികൾക്ക് നല്കിയിട്ടുണ്ട് ;

(ബി) ആർക്കെല്ലാമാണ് ഇവ നൽകിയിട്ടുള്ളത് ;

(സി) എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇവ സ്വകാര്യ മേഖലയ്ക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ബിൽഡ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ തത്വമനുസരിച്ച് സംസ്ഥാനത്തുള്ള മൈനർ പോർട്ടുകളായ ബേപ്പൂർ (കോഴിക്കോട്), മൊബീൽ ഫീ വിസ് കമ്പനി ലിമിറ്റഡ്, ചെന്നൈയ്ക്കും, മുനമ്പ് (കൊടുങ്ങല്ലൂർ) രാഷ്ട്ര സിമന്റ്സ് ലിമിറ്റഡ്, മുബൈയ്ക്കും, വിഴിഞ്ഞം കുമാർ എനർജി കോർപ്പറേഷൻ ലിമിറ്റഡ് സെക്കന്തരാബാദിനുമാണ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ വ്യവസ്ഥയിലാണ് വേപ്പൂർ, മുനമ്പം (കൊടുങ്ങല്ലൂർ) വിഴിഞ്ഞം തുറമുഖങ്ങളിലെ വികസന പ്രവർത്തനങ്ങൾ സ്വകാര്യ മേഖലയ്ക്ക് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് ഇവയുടെ നിർമ്മാണത്തിനും, നടത്തിപ്പിനും, പഠനങ്ങൾക്കും മറ്റു ചിലവുകൾക്കും വേണ്ടിവരുന്ന തുക കമ്പനികൾ നേരിട്ട് വഹിക്കും. നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ഭൂമി സർക്കാർ ദീർഘകാലം പാട്ടത്തുക ഇടാക്കിക്കൊണ്ട് നൽകുന്നതാണ്. മുതൽമുടക്കും മുതൽമുടക്കിൻമേലുള്ള വരുമാനവും തിരിച്ചുകിട്ടുന്ന മുറയ്ക്ക് വികസിപ്പിച്ചെടുത്ത സൗകര്യങ്ങൾ നിരുപാധികമായി സർക്കാരിന് തിരിച്ചേൽപ്പിക്കേണ്ടതാണ്. വേപ്പൂർ, മുനമ്പം (കൊടുങ്ങല്ലൂർ) കൃാപ്റ്റീവ് മാർക്കുകൾക്ക് 25 വർഷവും വിഴിഞ്ഞം വാണിജ്യ തുറമുഖത്തിന് 30 വർഷവുമാണ് കാലാവധി വച്ചിരിക്കുന്നത്. പരസ്പര ധാരണക്കനുസരിച്ച് കാലാവധി കൂട്ടാനും കുറയ്ക്കാനും വ്യവസ്ഥയുണ്ട്. കൃാപ്റ്റീവ് വ്യവസ്ഥകളുടെ കാലാവധിക്ക് മുൻപു മുതൽ മുടക്കും വരുമാനവും ലഭിക്കുന്ന പക്ഷം അന്നു മുതൽ കാലാവധി വരെയുള്ള ലാഭം സർക്കാരുമായി പങ്കിടുവാനും വ്യവസ്ഥയുണ്ട്. പരിസ്ഥതി മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ തുടങ്ങിയ പല ഏജൻസികളിൽ നിന്നും കിട്ടേണ്ട ക്ലിയറൻസ് വാങ്ങുകയെന്നത് സ്വകാര്യ കമ്പനികളുടെ ചുമതലയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം തുറമുഖ വകുപ്പിന്റെ അനുമതിയോടുകൂടി വേണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞവയെല്ലാമാണ് പ്രധാന വ്യവസ്ഥകൾ.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

30 (*619) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിൽ നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു സമഗ്ര പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിയ്ക്കാമോ ;

(ഡി) കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ദന്തൽ കോളേജ് ആരംഭിയ്ക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിയ്ക്കാമോ ;

(എഫ്) കോട്ടയം മെഡിക്കൽ കേളജിനോടനുബന്ധിച്ച് ഒരു ദന്തൽ കേളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ-സി) 2000-2001 വർഷത്തേക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കുപരി സമഗ്രവികസനത്തിനായി പദ്ധതിയൊന്നും സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly